

കെ.കെ.കുഞ്ഞാലിമുസ്‌ലിയാർ-ചേലക്കാട്

# ഇമാം നവവി(റ)

വിശ്വപ്രസിദ്ധ പണ്ഡിതനാണ് ഇമാം നവവി(റ). മിറാമകൻ ശറഫ് മകൻ യഹ്‌യാ എന്നവർ. അബൂസകരിയ്യാ എന്ന് ഉപനാമം. മുഹ്‌യിദ്ദീൻ സ്ഥാനപ്പേർ. ഡമാസ്കസിലെ നവാ എന്ന ദേശത്ത് ഹിജ്റ: 631-ലാണു ജനനം. ഒരത്ഭുത ബാലനായിട്ടാണ് ഇമാമിന്റെ വളർച്ച. ഏഴു വയസ്സു പ്രായമായപ്പോൾ ഒരു റമളാൻ 27-ാം രാവിൽ പാതിരാസമയത്ത് ഉറക്കിൽ നിന്ന് ഉണർന്ന് പിതാവിനെ വിളിച്ചുണർത്തി 'എന്താണ് വീടു നിറയെ ഒരു പ്രകാശമുണ്ടാകുന്നതെ'ന്ന് ചോദിച്ചു. പിതാവും വീട്ടുകാരും ഒന്നും കാണുന്നില്ല. ഖദ്റിന്റെ രാവായിരിക്കുമെന്ന് പിതാവിനു ബോദ്ധ്യമായി. പത്തു വയസ്സുള്ളപ്പോൾ കൂട്ടുകാരായ കുട്ടികളുടെ ഇടയിൽ ഈ കുട്ടിയെ ശൈഖ് യാസീൻ എന്നവർ കണ്ടു. അവരോടൊപ്പം കളിയിൽ ഏർപ്പെടാൻ അവർ നിർബ്ബന്ധം പിടിക്കുന്നു. കുട്ടി കരഞ്ഞുകൊണ്ട് കുതറിയോടുന്നു. അതിന്നിടയിൽ വിശുദ്ധഖുർആൻ ഓതിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ അത്ഭുതബാലന്റെ ഭാവി കണ്ടറിഞ്ഞ ശൈഖ് ഖുർആൻ പഠിപ്പിക്കുന്ന ആളെ സമീപിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ ഖുർആൻ പഠിപ്പിക്കുന്ന യഹ്‌യ എന്ന വിദ്യാർത്ഥി ഈ കാലത്തെ ഏറ്റവും വലിയ ആലിമും സാഹിദുമായി വളരുമെന്നാണ് എന്റെ പ്രതീക്ഷ.' 'നിങ്ങൾ ജ്യോത്സനാണോ?' അയാൾ ചോദിച്ചു. 'അല്ലാഹു എന്നെക്കൊണ്ട് അങ്ങനെ പറയിപ്പിക്കുകയാണ്.' വലിയ്യ് മറുപടി പറഞ്ഞു. മുഅല്ലിം ഇക്കാര്യം പിതാവിനോടുണർത്തി. അദ്ദേഹം മകനെ ഒരു പീടികയിൽ ജോലിക്കു നിറുത്തിയിരുന്നു. ഖുർആനും മറ്റു പ്രാഥമിക പഠനവുമായി കുറച്ചുകാലം അവിടെത്തന്നെ കഴിച്ചുകൂട്ടി. 19 വയസ്സു പ്രായമായപ്പോൾ പിതാവ് മകനെയും കൂട്ടി ഡമസ്കസിലേക്കു പോയി. അവിടെയുള്ള റവാഹിയ്യ മദ്രസയിൽ ചേർത്തു. ഫിഖ്ഹിൽ ഇമാം ശീറാസിയുടെ തൻബീഹ് നാലര മാസം കൊണ്ടു മനഃപാഠമാക്കി. അദ്ദേഹത്തിന്റെ തന്നെ മുഹദ്ദബിന്റെ നാലിൽ ഒരുഭാഗവും.

നിരവധി ഗുരുവര്യർ ഇമാമിനുണ്ട്. അവരിൽ കമാൽഇസ്ഹാഖുൽ മഗ്‌രിബി എന്നിവരെയാണ് ഇമാം കൂടുതൽ അവലംബമാക്കിയത്. ശൈഖു കമാലുദ്ദീൻ സലാർ, ഇസ്സുദ്ദീൻ ഉമർ, റളിയ്യുബ്നു ബുർഹാൻ, സൈൻ ഖാലിദ്, അബ്ദുൽഅസീസ് ഹമവി തുടങ്ങിയവരെല്ലാം പല വിഷയത്തിലെയും ഉസ്താദുമാരാണ്. ദിനേന പന്ത്രണ്ട് ഗ്രന്ഥങ്ങളാണ് ഓതിയിരുന്നത്. വസ്വീത്, മുഹദ്ദബ്, സ്വഹീഹുമുസ്‌ലിം, ഉസൂലുൽ ഫിഖ്ഹിലെ ലുമഅ്, നഹ്‌വിലെ ലുമക്ക്, ഇസ്‌ലാഹുൽ മൻതിഖ്, മുൻതഖബ് എന്നിവയും മറ്റും. രണ്ടുവർഷം റവാഹിയ്യയിൽ കഴിച്ചുകൂട്ടിയത് കഠിന പ്രയത്നത്തിലൂടെയും വിശ്രമമെന്തെന്നറിയാതെയുമാണ്.

ദിവസം ഓരോ നേരത്തെ ഭക്ഷണം ഇശാഇനു ശേഷം. പാതിരാവിൽ കുറച്ചു വെള്ളവും. ഇതാണു രീതി. കാലം മുഴുവനും നോമ്പും. ദിമശ്ഖിലെ ഒരു പഴവർഗ്ഗവും കഴിക്കാറില്ല. ഹി: 651-ൽ പിതാവിനോടൊപ്പം ഹജ്ജിനു പുറപ്പെട്ടു. ഒന്നര മാസം മദീനയിൽ താമസിച്ചു. ഹജ്ജുകഴിഞ്ഞു വന്ന് വീണ്ടും പഠനത്തിൽ തന്നെ ഏർപ്പെട്ടു, ആറു സ്വഹീഹുകൾ, ദാറഖുത്നി, ശർഹുസ്സുന്നഃ, ഇമാം ശാഫിഈ(റ), ഇമാം അഹ്മദ്(റ) എന്നിവരുടെ മുസ്നദുകൾ എന്നീ ഗ്രന്ഥങ്ങളെല്ലാം പഠിക്കുകയും വ്യാഖ്യാനങ്ങളും കുറിപ്പുകളും എഴുതി വയ്ക്കുകയും ചെയ്യും.

പണ്ഡിത ശ്രേഷ്ടരെല്ലാം അദ്ദേഹത്തെ സ്മരിക്കുന്നത് അതിരറ്റ ആദരവോടെയും ബഹുമാനത്തോടെയുമാണ്. അൽഖുത്ബുർറബ്ബാനി, അൽഗൗസുസ്സമദാ

നി തുടങ്ങിയ വിശേഷണങ്ങൾക്കെല്ലാം പൂർണ്ണാർത്ഥത്തിൽ മഹാനർ അർഹരാണ്. സമുദ്രസമാനമായ വിജ്ഞാനത്തോടൊപ്പം ഔറാദ്, അദ്കാർ, സുഹ്ദ്, വറഅ് തുടങ്ങിയ എല്ലാ സദ്ഗുണങ്ങളും ഒരുമിച്ചു ചേർന്ന ഒരു മഹാമനുഷ്യനാണ് ഇമാം. ജീവിതത്തിൽ സുഖാസ്വാദനത്തിലേക്ക് മഹാനർ ചിന്തിച്ചിട്ടേയില്ല. ശാമുകാരൊക്കെ കുടിക്കുന്ന ശീതളപാനീയം ഒരു പ്രാവശ്യമെങ്കിലും ശൈഖ് കുടിച്ചിട്ടില്ല പോൽ. നികാഹിന്റെ സകലമാന മസ്അലകളും വിവരിച്ചെഴുതിയ മഹാനർ തനിക്ക് അങ്ങനെ ഒന്ന് വേണമെന്ന് ആഗ്രഹിച്ചില്ല. സ്നേഹിതരിൽ ചിലർ നികാഹിന്ന് പ്രേരിപ്പിച്ചപ്പോൾ എനിക്ക് ഏറ്റവും 'അഹബ്ബ്' ആയ ഇൽമിന്ന് അത് വിഘാതമാണെന്നായിരുന്നു മറുപടി. താബിഉകൾക്കു ശേഷം ഇമാം നവവിയെപ്പോലെ ഒരാളുമുണ്ടായിട്ടില്ലെന്നാണ് സർവ്വകലാവല്ലഭനായ അശ്ശൈഖുൽ ഇമാം തഖിയുദ്ദീനുസ്സുബ്കിയുടെ ഭാഷ്യം. ഇമാം ഖുശൈരിയുടെ കാലത്ത് മഹാനർ ഉണ്ടെങ്കിൽ ആദ്യം അദ്ദേഹത്തെയാണ് തന്റെ രിസാലയിൽ എഴുതുകയെന്നാണ് വേറെ ചിലർ അഭിപ്രായപ്പെട്ടത്. ഇമാം സുബ്കിക്ക് ഇമാമവർകളോട് വല്ലാത്ത ആദരവാണ്. ശൈഖ് തദ്‌രീസ് ചെയ്ത ദാറുൽ ഹദീസിൽ തന്റെ കാല്പാദം തട്ടിയ വിരിപ്പിൽ കവിൾത്തടം വച്ച് ചുംബിക്കൽ ഇമാം സുബ്കിയുടെ പതിവാണ്. താനൊരിക്കൽ ഒരു വാഹനപ്പുറത്ത് സഞ്ചരിക്കുകയാണ്. വഴിക്കുവച്ച് കർഷകനായ ഒരു വൃദ്ധനെ കണ്ടു. സംസാരിച്ചു നീങ്ങുന്നതിനിടയിൽ ഞാനൊരു മസ്അല ഇമാം നവവിയോടു ചോദിച്ചിരുന്നവെന്ന് ആ വൃദ്ധൻ പറഞ്ഞു. ഇതു കേട്ട ഉടനെ ഇമാം കുതിരപ്പുറത്തു നിന്ന് ചാടിയിറങ്ങി. ആ നാടൻ മനുഷ്യനെ ചുംബിച്ചുകൊണ്ട് എനിക്കു നിങ്ങൾ ദുആയിരിക്കണമെന്ന് ആവശ്യപ്പെട്ടു. 'ഇമാം നവവിയെ കണ്ട കണ്ണാണു നിങ്ങളുടേത്. നിങ്ങൾ നടന്നും ഞാൻ വാഹനത്തിലുമാകുന്നത് അദബ്കേടാണെ'ന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെയും കുതിരപ്പുറത്തിരുത്തി യാത്ര തുടർന്നു.

സത്യം പറയാനും സദുപദേശം നടത്താനും മഹാനർ ആരെയും ഭയക്കാറില്ല. വലിയ രാജാക്കന്മാരോടു പോലും ഇങ്ങനെ ചെയ്യും. ശാമിലെ വലിയ ഒരു അധികാരി അവിടെയുള്ള ജാമിഅഃയിലെ കിതാബുകളൊക്കെ ഒരു അനറബി രാജ്യത്തിലേക്ക് നീക്കാൻ അനുമതി നല്കിയിരുന്നു. അദ്ദേഹത്തെ ഇമാം കണക്കിനു ശകാരിച്ചു. ദേഷ്യം വന്ന അയാൾ ഇമാമിനെ അടിക്കാനൊരുങ്ങി. അയാൾ ഇരുന്ന പുലിത്തോൽ, സിംഹത്തോൽ എന്നിവയിലേക്ക് ഇമാം കൈ കൊണ്ടൊരു ചൂണ്ടൽ. അപ്പോഴേക്കും അവ യഥാർത്ഥ സിംഹവും പുലിയുമായി രൂപാന്തരപ്പെട്ടു. അയാളെ കടിച്ചു കീറാൻ ഒരുങ്ങുന്നതിനിടയിൽ എങ്ങനെയോ തടി സലാമത്താക്കി അയാൾ ഓടിരക്ഷപ്പെട്ടു. പിന്നീടയാൾ ശൈഖിന്റെ കാൽക്കൽ വീണു നന്നായിട്ടുണ്ട്. ഇതിൽ അടങ്ങിയ കറാമത്തു പോലെ വേറെയും അത്ഭുത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കിതാബ് രചിക്കുമ്പോൾ കൈ പ്രകാശിച്ചത്, തദ്‌രീസ് ചെയ്യുന്ന സ്ഥാപനത്തിന്റെ വാതിൽ പൂട്ടിന്നരികിലെത്തിയാൽ താനേ തുറക്കപ്പെടുന്നത്, അകത്തു കയറിയാൽ തനിയെ പൂട്ടപ്പെടുന്നത്, അശരീരി കേൾക്കൽ, ഖള്റു(അ)മായി സംസാരിക്കുന്നത് തുടങ്ങിയവ ചിലതാണ്. ശിഷ്യരിൽ പ്രമുഖനായ ഇബ്നുൽ അത്ത്വാർ പറയുന്നു: ഞാൻ ശൈഖിന്റെ കൂടെ ഒരു രാത്രി ദർസു കഴിഞ്ഞ് ഇറങ്ങി. വാതിലിന്റെ അരികിലെത്തിയപ്പോൾ അത് താക്കോലിട്ടു തുറക്കാതെ തന്നെ സ്വയം തുറക്കപ്പെട്ടതായി. ഇറങ്ങി കുറച്ചു ചവിട്ടടി നടന്നു. അപ്പോൾ ഞാനും ഗുരുഭൂതരും എത്തിരിയിക്കുന്നു. ശൈഖ് ഇഹ്റാമും ത്വവാഫും സഅ്‌യും നടത്തി. പിന്നീട് രാത്രിയിലും കുറെ ത്വവാഫ് ചെയ്തു. ശേഷം ഇറങ്ങി നടന്നു. ഞാൻ കൂടെ. കുറച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ റവാഹിയ്യയിലാണുള്ളത്.(തീർന്നില്ല)

■


വില്പന തുടരുന്നു

**നബികുടുംബം സാദാത്തുപരമ്പര & ഇസ്‌ലാമിക ശാസ്ത്രങ്ങൾ**

ഒരു കവറിനകത്ത് നാലുപുസ്തകങ്ങൾ

ഐ.പി.എസ് പ്രസിദ്ധീകരണം

മൗലാനാ നജീബ് മൗലവിയുടെ രചന

ബന്ധപ്പെടുക:

ദാറുസ്സുന്ന ഇസ്‌ലാമിക കേന്ദ്രം
പാപ്പിനിപ്പാറ - മഞ്ചേരി.
മലപ്പുറം - 676122
Ph: 0483 2769031

ഓഫീസ് സെക്രട്ടറി
ബുൽബുൽ ഓഫീസ്,
പി. ബി. നമ്പർ - 4, പള്ളിക്കുന്ന്, വണ്ടൂർ.
Mob: 9446768040